"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ വികസന വകുപ്പിനു കീഴിലെ വികസന പരിശീലന കേന്ദ്രങ്ങളിലെ ആർട്ടിസ്റ്റ്-കം-ഫോട്ടോഗ്രാഫർ-കം-സിനിമാ ഓപ്പറേറ്റർ ഗ്രേഡ്-II തസ്തികയിൽ കരാർ / ദിവസവേതന അടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിനെ താത്കാലികമായി നിയമിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

G.O.(Ms)No.82/2020/LSGD തീയതി,തിരുവനന്തപുരം, 24/05/2020

---

പരാമർശം:- 1 കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ 18.02.19-ലെ എ.വി.(1)4352/15/ഗ.വി. നമ്പർ കത്ത്.

2 ഗ്രാമവികസന കമ്മീഷണറുടെ 19.12.19-ലെ 7183/എസ്റ്റാ.ബി4/19/സി.ആർ.ഡി. നമ്പർ കത്ത്.

3 ഉദ്യോഗസ്ഥഭരണ പരിഷ്കാര (റൂൾസ്) വകുപ്പിൻറെ 6.4.2019-ലെ റൂൾസ്.3/425/2018/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

<u>ഉത്തരവ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തെരഞ്ഞെടുപ്പ് നടത്തുന്ന തസ്തികകളിലേക്ക് സൈക്ലിംഗ്, ഫോട്ടോഗ്രാഫി, സിനിമാ പ്രൊജക്ഷൻ എന്നിവയിലുള്ള കാലഹരണപ്പെട്ട തരത്തിലുള്ള പ്രായോഗിക പരീക്ഷാ രീതികൾ വിശേഷാൽ ചട്ടങ്ങളിലെ നിഷ്കർഷിച്ചിട്ടുള്ളതുകൊണ്ട് നിയമന നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്ത തസ്തികകളിൽ ഗ്രാമവികസന വകുപ്പിലെ ആർട്ടിസ്റ്റ്-കം-ഫോട്ടോഗ്രാഫർ-കം-സിനിമാ ഓപ്പറേറ്റർ തസ്തികയും ഉൾപ്പെട്ടിട്ടുള്ളതായി പരാമർശം (1) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അത്തരത്തിലുള്ള കാലഹരണപ്പെട്ട പ്രായോഗിക പരീക്ഷാ രീതികൾ ഒഴിവാക്കിക്കൊണ്ടോ അല്ലെങ്കിൽ അവ അനിവാര്യമാണെന്ന് കരുതുന്ന പക്ഷം വിശേഷാൽ ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിച്ചു കൊണ്ടോ അതത് വകുപ്പുകളുടെ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശം നൽകി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരാമർശം (3) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഗ്രാമവികസന വകുപ്പിന്റെ കീഴിലെ വികസന പരിശീലന കേന്ദ്രങ്ങളിൽ നടക്കുന്ന വികസന പരിശീലന പരിപാടികളിൽ കേന്ദ്ര-സംസ്ഥാന പദ്ധതികൾ / പരിപാടികൾ സംബന്ധിച്ച ഫിലിം പ്രദർശനം, പരിശീലനോപാധികൾ നിർമ്മിക്കൽ

എന്നിവയായിരുന്നു ആർട്ടിസ്റ്റ്-കം-ഫോട്ടോഗ്രാഫർ-കം-സിനിമാ ഓപ്പറേറ്റർ തസ്തികയുടെ ആദ്യ കാല ജോലിസ്വഭാവം. എന്നാൽ നിലവിൽ പരിശീലനങ്ങളുടെ സ്വഭാവവും രീതിയും അപ്പാടെ മാറിയിട്ടുണ്ട്. കമ്പ്യൂട്ടർ / ഐ.ടി. അധിഷ്ഠിത പരിശീലനോപാധികൾ തയ്യാറാക്കൽ, പരിശീലന ബാനറുകൾ തയ്യാറാക്കൽ, പരിശീലന ക്ലാസുകൾ, മറ്റ് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഫീൽഡ് സന്ദർശനം എന്നിവയുടെയും സ്വയംതൊഴിൽ പരിശീലനം ലഭിച്ചവരുടെ തുടർപ്രവർത്തനങ്ങളുടെയും വിജയകഥകളുടെയും ഡോക്യുമെന്റേഷൻ, ക്ലാസ്സുകളിൽ ഓഡിയോ-വിഷ്വൽ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കൽ എന്നിവയ്ക്കായി നിലവിൽ മതിയായ യോഗ്യതയും, വൈദഗ്ധ്യവുമുള്ള ജീവനക്കാരുടെ സേവനം അനിവാര്യമാണെന്നും, അതിനാൽ മാറിയ സാഹചര്യത്തിൽ, കമ്പ്യൂട്ടർ സയൻസിൽ ബിരുദം / ത്രിവത്സര ഡിപ്ലോമ അടിസ്ഥാനയോഗ്യതയും മൾട്ടിമീഡിയ (പ്രിന്റ്, ഓഡിയോ & വിഷ്വൽ), കമ്പ്യൂട്ടർ ഗ്രാഫിക് ഡിസൈനിംഗ്, വീഡിയോ എഡിറ്റിംഗ് എന്നീ മേഖലകളിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തി പരിചയവുമുള്ള ഒരു ടെക്നിക്കൽ അസിസ്റ്റന്റിനെ കരാർ / ദിവസവേതന അടിസ്ഥാനത്തിൽ കൊട്ടാരക്കര, തളിപ്പറമ്പ വികസന പരിശീലന കേന്ദ്രങ്ങളിൽ നിലവിലെ ആർട്ടിസ്റ്റ്-കം-ഫോട്ടോഗ്രാഫർ-കം-സിനിമാ ഓപ്പറേറ്റർ തസ്തികയിൽ നിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെ ഇന്റഗ്രേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തയാറാക്കുന്ന "The Kerala Local Self Government Department Subordinate Service Special Rules"- ന്റെ കരടിൽ "Group V (Training Wing)"-ൽ Artist-Cum-Photographer-Cum-Cinema Operator Grade II തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തസ്തികയുടെ അനിവാര്യത, നിയമന രീതി, കാലോചിതമായ യോഗ്യത എന്നിവ പ്രസ്തുത സ്പെഷ്യൽ റൂൾസിന് സർക്കാർ അന്തിമ രൂപം നൽകുന്ന മുറയ്ക്ക് മാത്രമേ തീരുമാനിക്കാനാവൂ.

4. ഈ സാഹചര്യത്തിൽ, The Kerala Local Self Government Department Subordinate Service Special Rules വിജ്ഞാപനം ചെയ്യുന്നത് വരെ, ആവശ്യമെങ്കിൽ, കമ്പ്യൂട്ടർ സയൻസിൽ ബിരുദം / ത്രിവത്സര ഡിപ്ലോമ അടിസ്ഥാനയോഗ്യതയും, മൾട്ടിമീഡിയ (പ്രിന്റ്, ഓഡിയോ & വിഷ്വൽ) , കമ്പ്യൂട്ടർ ഗ്രാഫിക് ഡിസൈനിംഗ്, വീഡിയോ എഡിറ്റിംഗ് എന്നീ മേഖലകളിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തി പരിചയമുള്ള ഒരു ടെക്നിക്കൽ അസിസ്റ്റന്റിനെ കരാർ / ദിവസവേതന അടിസ്ഥാനത്തിൽ കൊട്ടാരക്കര, തളിപ്പറമ്പ വികസന പരിശീലന കേന്ദ്രങ്ങളിൽ നിലവിലെ ആർട്ടിസ്റ്റ്-കം-ഫോട്ടോഗ്രാഫർ-കം-സിനിമാ ഓപ്പറേറ്റർ തസ്തികയിൽ താത്കാലികമായി നിയമിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ./ഇ.&ആർ.എസ്.എ.), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ.) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.